Very Urgent - SSLC Re-Valuation 2020

നം.എ5/6122/19

ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയം,
തൃശ്ശൂർ. തിയതി : 10/07/2020.
ഫോൺ നം. 0487 2331263
deothrissur@g mail.com

പ്രേഷിതൻ

ജില്ലാ വിദ്യാഭ്യാസ ആഫീസർ,
തൃശ്ശൂർ.

സ്വീകർത്താവ്

എല്ലാ പ്രധാനദ്ധ്യാപകർക്കും

സർ,

വിഷയം:- എസ്.എസ്.എൽ.സി മാർച്ച് 2020-റിവാല്യൂവേഷൻ അസിസ്റ്റന്റ് എക്സാമിനർമാരുടെ നിയമനം -സംബന്ധിച്ച്.

സൂചന:- ഗവ. മോഡൽ ബോയ്സ് എച്ച്.എസിലെ പ്രധാന അദ്ധ്യാപികയുടെ അപേക്ഷ.

******

2020 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി പരീക്ഷയോടനുബന്ധിച്ച് 13.07.2020 മുതൽ തൃശൂർ ഗവ. മോഡൽ ബോയ്സ് എച്ച്.എസിൽ വെച്ച് നടക്കുന്ന പുനർ മൂല്യ നിർണ്ണയത്തിന് സോഷ്യൽ സയൻസ് 40 അസിസ്റ്റന്റ് എക്സാമിനർമാരെ ആവശ്യമുണ്ടെന്ന് സൂചന പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ആയതിനാൽ മേൽ പ്രകാരം ആവശ്യപ്പെട്ട അദ്ധ്യാപകരെ 13.07.2020 മുതൽ ആരംഭിക്കുന്ന പുനർ മൂല്യ നിർണ്ണയത്തിന് വിടുതൽ ചെയ്യുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

വിടുതൽ ചെയ്തിട്ടുള്ള അദ്ധ്യാപകരുടെ പേരു വിവരങ്ങളും, സ്കൂളിന്റെ പേരും ഇന്ന് തന്നെ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. അടിയന്തിര പ്രധാന്യമുള്ളതിനാൽ പ്രധാന അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

വിശ്വസ്തതയോടെ.

ജില്ലാ വിദ്യാഭ്യാസ ആഫീസർ,
തൃശ്ശൂർ

Scanned by CamScanner